കേരള വാട്ടർ അതോറിറ്റി ഏറെറടുത്ത വാട്ടർ സപ്ലൈ സ്കീമുകൾ

192. [212] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, ജോസ് കുറ്റ്യാനി :
,, കെ. മുഹമ്മദാലി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി ഈ സാമ്പത്തികവർഷം എത്ര വാട്ടർ സപ്ലൈ സ്കീമുകൾ ഏറെറടുത്തിട്ടുണ്ട് ;

(ബി) ഏതെല്ലാം ജില്ലകളിൽ ;

(സി) എൽ. ഐ. സി. യുടെ സഹായത്തോടെ എത്ര ; അവ ഏതെല്ലാം ;

(ഡി) വേൾഡ് ബാങ്കിന്റെ സഹായത്തോടെ എത്ര ; അവ ഏതെല്ലാം ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 27 വാട്ടർ സപ്ലൈ സ്കീമുകൾ ഏറെറടുത്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർകോട്, പാലക്കാട്, മലപ്പുറം.

(സി) എൽ. ഐ. സി. യുടെ സഹായത്തോടെ പുതിയ സ്കീമുകളൊന്നും ഈ വർഷം ആരംഭിച്ചിട്ടില്ല.

(ഡി) വേൾഡ് ബാങ്കിന്റെ സഹായത്തോടെ താഴെ പറയുന്ന 4 സ്കീമുകൾ ഏറെറടുത്തിട്ടുണ്ട്. 1. വിളപ്പിൽ വാട്ടർ സപ്ലൈ സ്കീം. 2. കൊല്ലം ആഗ്ലോമെനേറേഷൻ വാട്ടർ സപ്ലൈ സ്കീം. പ്രാന്തപ്രദേശങ്ങളിലുമുള്ള പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സ്കീം. 3. അടൂരും. 4. ചിതറയും പ്രാന്തപ്രദേശങ്ങളിലുമുള്ള പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സ്കീം.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, തൃക്കാക്കര, കുന്നംകുളം, ഗുരുവായൂർ എന്നീ നിയോജകമണ്ഡലത്തിൽപ്പെട്ട ചാലിശേരി ശുദ്ധജലവിതരണപദ്ധതിയുടെ ഭാഗമായ പാവറട്ടി പദ്ധതിയുടെ പ്രവർത്തനം നെതർലാൻറ് ഗവൺമെൻറിന്റെ സഹായത്തോടുകൂടിയുള്ള പ്രവർത്തനം എത്രവരെയായി ?

ശ്രീ. കെ. എം. മാണി : സർ, പാവറട്ടി സ്കീം പുതിയതായി അനുവദിക്കപ്പെട്ട നല്ല ഒരു സ്കീമാണ്. നെതർലാൻറ് ഗവൺമെൻറിന്റെ സഹായത്തോടുകൂടിയാണ് ഇത് നടപ്പാക്കുന്നത്. അതിന് എഗ്രിമെൻറ് എക്സിക്യൂട്ട് ചെയ്തു കഴിഞ്ഞു.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ചേലക്കര, വടക്കാഞ്ചേരി, കുന്നംകുളം എന്നീ നിയോജകമണ്ഡലങ്ങളിൽ ഏറെറവും രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്നു. അങ്ങനെയുള്ള 10 പഞ്ചായത്തുകൾക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

കിടങ്ങൂർ സമഗ്രശുദ്ധജലവിതരണ പദ്ധതിയാണുള്ളത്. ആ സ്കീം ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് റിപ്പോർട്ട് അയച്ചിട്ട് ഒരു കൊല്ലത്തോളമായി. അതിന്റെ സ്ഥിതി എന്താണ് ?

ശ്രീ. കെ. എം. മാണി : അതു വേഗത്തിൽ കൊണ്ടുപോകുന്നതിനു വേണ്ടിയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. മുഹമ്മദാലി : വിശാല കൊച്ചി മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി തുടങ്ങിയ പദ്ധതിയുടെ പ്രവർത്തനം വളരെ മന്ദഗതിയിലാണ് എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഈ സംസ്ഥാനത്തുതന്നെ വളരെ പ്രധാനപ്പെട്ട, കുടിവെള്ളത്തിനു വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന ഈ മേഖലയിൽ കുടിവെള്ളമെത്തിക്കാൻവേണ്ടി ഈ പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻവേണ്ട നിർദ്ദേശം ഗവൺമെന്റ് കൊടുക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, മന്ദഗതിയിലാണെന്ന് ഗവൺമെന്റിനു അഭിപ്രായമില്ല. കൂടുതൽ വേഗത്തിൽ നടക്കേണ്ടതാവശ്യമാണ്.

ശ്രീ. കെ. മുഹമ്മദാലി : ഈ പദ്ധതിയോടനുബന്ധിച്ചുള്ള പ്ലാന്റിന്റെ പണി ആരംഭിക്കാത്തതുമൂലം ഇന്ന് കൂടുതൽ മേഖലകളിൽ വെള്ളമെത്തിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. പ്ലാന്റിന്റെ പണി ഇതുവരെ തുടങ്ങാനുള്ള നീക്കംപോലും ആരംഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഗവൺമെന്റ് അക്കാര്യം കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ആലുവായിലെ ട്രീറ്റുമെന്റ് പ്ലാന്റിനെ സംബന്ധിച്ചിടത്തോളം, ആ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി ഗ്രേറ്റർ കൊച്ചിൻ ഏരിയായിലെ വിഷമങ്ങൾക്ക് പരിഹാരം ഉണ്ടാകും. തമ്മനത്തുള്ള ടാങ്കിനെ സംബന്ധിച്ചിടത്തോളം അതിന്റെ നിർമ്മാണം ഉടൻതന്നെ കമ്മീഷൻ ചെയ്യുന്നതോടുകൂടി ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാകും.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട സുൽത്താൻ ബത്തേരി, നൂൽപ്പുഴ, പുൽപ്പള്ളി, മുള്ളൻവള്ളി എന്നീ സമഗ്ര ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനം വളരെ മന്ദഗതിയിലാണ് നടക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് ത്വരിതപ്പെടുത്താൻ അടിയന്തിരമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുമോ ?

ശ്രീ. കെ. എം. മാണി : ഇതൊക്കെ ഒരു ഒപ്പീനിയൻ മാത്രമാണ്. ഉള്ള ഫണ്ട് വെച്ച് മാക്സിമം വേഗതയിൽ പോകുകയെന്നതാണ്. ദൂരെ നിന്ന് നോക്കുമ്പോൾ അത് മന്ദീഭവിച്ചു എന്ന് വേണമെങ്കിൽ പറയാം. രണ്ടുരീതിയിലും പറയാം. പക്ഷേ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഉള്ള വിഭവപരിമിതിക്കകത്ത് നിന്നുകൊണ്ട് മാക്സിമം വേഗതയിൽ എഫിഷ്യൻറായിട്ട് ഈ കാര്യങ്ങൾ നീങ്ങുന്നുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : പല ശുദ്ധജല വിതരണ പദ്ധതികളും പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാതെ പ്രവർത്തനരഹിതമായി കിടക്കുന്നു. അങ്ങനെ ഈ സർക്കാരിന്റെ ഡെത്ത് ഇൻവെസ്റ്റ്മെൻറായിട്ട് ഈ വാട്ടർ അതോറിറ്റി ചെലവഴിച്ച പണം കിടക്കുന്നു. അതുകൊണ്ട് ഇത്തരം ശുദ്ധജല വിതരണ പദ്ധതികൾക്ക് കണക്ഷൻ കൊടുക്കാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : അത് ഏതൊക്കെയാണെന്ന് ഇപ്പോഴം കൃത്യമായി പറയാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി മിനിസ്റ്ററുമായിട്ട് ടേക്കപ്പ് ചെയ്യാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : വാട്ടർ സപ്ലൈസ്കീമിനെ സംബന്ധിച്ചിടത്തോളം വളരെ പരിതാപകരമായ ഒരു സ്ഥിതിയാണ് വർക്കല മുനിസിപ്പാലിറ്റി ഇന്ന് അനുഭവിക്കുന്നത്. ശ്രീ. മാണിക്ക് ഹൃദയമുണ്ടെന്ന് തോന്നുന്നില്ല. എനിക്ക് പറയാനുള്ളത് കഴിഞ്ഞ രണ്ടാഴ്ചക്കാലമായി വർക്കല മുനിസിപ്പൽ പ്രദേശത്തുള്ള ജല വിതരണ സംവിധാനം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. അത് ഒരു പുതിയ മുനിസിപ്പാലിറ്റിയാണ്. അവിടെ ഇപ്പോഴം വെള്ളംകുടി മുട്ടിയിരിക്കുന്നു. ഈ സംഹചര്യത്തിൽ എൽ. ഐ. സി. സ്കീമിന്റെ ഭാഗമായി പാലയിൽ മാത്രം വെള്ളം കൊടുത്താൽ പോരാ. വർക്കല മുനിസിപ്പാലിറ്റിയിലും വെള്ളം കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി നടപടികളം സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : വെള്ളത്തിന്റെ കാര്യത്തിൽ ഒരു വിവേചനവുമില്ല. ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ അതിന്റെ ഡീറ്റെയിൽസ് എന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ അതിൻമേൽ ആവശ്യമായ നടപടികളെടുക്കാം.

ശ്രീ. വി. വി. ജോസഫ് : വൈക്കം ശുദ്ധജല വിതരണ പദ്ധതിക്കു വേണ്ടി പിറവത്ത് ഒരു പമ്പ് ഹൗസും, മോട്ടോറുമൊക്കെ സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ ഇന്ന് നമ്മുടെ പല പഞ്ചായത്തുകളിലേക്കും അതിനാവശ്യമായ വെള്ളം കിട്ടുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലത്തിലും, അതുപോലെ തന്നെ എന്റെ നിയോജകമണ്ഡലത്തിലും, പൈപ്പ് ഇട്ടിട്ടുപോലും വെള്ളം കിട്ടുന്നില്ല; അതുകൊണ്ട് പിറവത്ത് ഒരു പുതിയ പമ്പ് ഹൗസും, മോട്ടോറും സ്ഥാപിക്കാനുള്ള നടപടികളം സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : എന്റെ നിയോജകമണ്ഡലത്തിൽ ഇല്ലെങ്കിൽ പോലും മറ്റ് നിയോജകമണ്ഡലങ്ങളിൽ വെള്ളം കൊടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായ നടപടികളെടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കേന്ദ്ര ഗവൺമെന്റ് പ്രൊബ്ലം വില്ലേജ് സ്കീമിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കോടിയേരി വില്ലേജ് വാട്ടർ സപ്ലൈ സ്കീമിൽ ആ പദ്ധതിയുടെ കിണറിന് മാത്രമായി ടെൻഡർ ചെയ്തതിന്റെ ഫലമായിട്ട് ആ പദ്ധതിയുടെ പ്രവർത്തി ഏറ്റെടുക്കാൻ ആളെ കിട്ടാത്ത ഒരു അവസ്ഥയുണ്ടായിരിക്കുകയാണ്. പ്രൊബ്ലം വില്ലേജ് സ്കീം അനുസരിച്ച് പദ്ധതി മുഴുവനുമായിട്ടാണ് ബാക്കിയെല്ലാ സ്കീമും ടെൻഡർ ചെയ്തിട്ടുള്ളതെങ്കിൽ ഈ വില്ലേജിനോടുമാത്രം ഇങ്ങനെ വിവേചനം കാണിക്കാനുണ്ടായ കാരണമെന്താണ് ; ഈ കാര്യം അടിയന്തിരമായി പരിഹരിക്കാനുള്ള നടപടികളം സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അത് വിവേചനമാണെന്ന് മനസ്സിലാക്കുന്നതുകൊണ്ട് തോന്നുന്നതാണ്. വിവേചനമൊന്നുമില്ല. എത്രയും വേഗം പോരായ്മകളുണ്ടെങ്കിൽ കണ്ടുപിടിക്കാണിച്ചാൽ അതിന് ഒരു പരിഹാരമുണ്ടാക്കാം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചുങ്കത്തറ വാട്ടർ സപ്ലൈ സ്കീം, പ്രൊബ്ലം വില്ലേജ് സ്കീമിൽപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയതാണ്. പ്രോജ്ക്ടം വില്ലേജ് സ്കീമിൽപ്പെടുത്തിയ ചുക്കി വാട്ടർ സപ്ലൈ സ്കീം അടിയന്തിരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : തീർച്ചയായും ആ കാര്യത്തെപ്പറ്റി ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഈ സംസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു നാലു കൊല്ലങ്ങളായിട്ട് വാങ്ങിയിട്ടുള്ള പൈപ്പുകളെല്ലാം ഭൂമിയിൽ കുഴിച്ചിടുകയുണ്ടായി. അങ്ങനെ കുഴിച്ചിട്ട് കഴിഞ്ഞ സ്ഥലങ്ങളിലൊന്നുംതന്നെ ജലാശയ കേന്ദ്രങ്ങൾ എവിടെയാണെന്ന് തിട്ടപ്പെടുത്തിയിട്ടുപോലുമില്ല. അതിനെപ്പറ്റി ഏതെങ്കിലും തരത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവാല്യൂവേഷൻ നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : ഈ പ്രവർത്തനങ്ങളെപ്പറ്റിയുള്ള ഇവാല്യൂവേഷനൊക്കെ നടത്തിയിട്ടുണ്ട്. എല്ലാം ഭംഗിയായി കൊണ്ടുപോകുന്നതിനെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിലുള്ള ഇൻസിനുവേഷൻ ഞാൻ എഗ്രി ചെയ്യുന്നില്ല.

ശ്രീ. ഇ. പത്മനാഭൻ : വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഇപ്പോൾ നാലു പദ്ധതികൾ തുടങ്ങുന്നുവെന്ന് പറഞ്ഞു. ഇതുവരെ ഈ അതോറിറ്റി രൂപീകരിച്ചതിനുശേഷം വേൾഡ് ബാങ്കിൽനിന്ന് ഒരു സ്കീമിനും ഒരു നയാപൈസയും ഈ സംസ്ഥാനത്തിന് കിട്ടിയിട്ടില്ലെന്ന് പത്രവാർത്തകളിൽ കണ്ടു. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി കേരളത്തിലെ ശുദ്ധജല വിതരണ പദ്ധതിക്ക് ഇതുവരെ എന്ത് സഹായം കിട്ടിയെന്നുള്ളത് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി : വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഏഴ് സ്കീമുകൾ ഇപ്പോൾ നടപ്പിലുണ്ട്. ഞാൻ അതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. വിളപ്പിൽ, കൊല്ലം വാട്ടർസപ്ലൈ, അടൂർ അതുപോലെതന്നെ ഗ്രേറ്റർ കൊച്ചിൻ വാട്ടർ സപ്ലൈ സ്കീം, പുത്തൻകുരിശ് ഇതൊക്കെ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടക്കുന്നതാണ്.

ഡോ : കെ. സി. ജോസഫ് : കാലാകാലങ്ങളായി നടന്നുകൊണ്ടിരിക്കുന്ന കുട്ടനാട് വാട്ടർ സപ്ലൈ സ്കീം വളരെക്കാലം മുൻപ് ആരംഭിച്ചതാണ്. കഴിഞ്ഞ മൂന്നു വർഷമായി കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിന് പണം നീക്കിവയ്ക്കാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ? ആ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ പണം നീക്കിവച്ചുകൊണ്ട് ഏറ്റവും വേഗം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഉപ്പ് വെള്ളത്തിന്റെ ബുദ്ധിമുട്ട് കുട്ടനാട്ടിൽ വളരെ ദുഃഖകരമായ ഒരു കാര്യമാണ്. അവിടെ കുടിവെള്ളം എത്രയും വേഗം എത്തിക്കേണ്ടതാവശ്യമാണ്. അക്കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന്റെ പരിഗണന മുഖ്യമായും കുട്ടനാടിനുണ്ടായിരിക്കും. എന്ന് ഞാൻ കൂട്ടിച്ചേർക്കുകയാണ്.

ശ്രീ. കെ കൃഷ്ണൻകുട്ടി : കേരളത്തിൽ വരൾച്ചബാധിത പ്രദേശങ്ങളായും മഴനിഴൽ പ്രദേശങ്ങളായും ഗവൺമെന്റ് തന്നെ പ്രഖ്യാപിച്ച സ്ഥലങ്ങൾക്ക് പ്രത്യേകം സ്കീം വല്ലതും ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ടോ ; അങ്ങനെയുള്ള പ്രദേശങ്ങളിൽ ഇപ്പോഴും പല സ്കീമുകളും ഫണ്ടില്ലാതെ മുടങ്ങി കിടക്കുന്നു എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഫണ്ടില്ല എന്നുള്ളതു് ഏറ്റവും ദുഃഖകരമായ ഒരു കാര്യമാണു്. കോണ്ട്രാക്ടർമാർക്കു് 19 കോടി രൂപയുടെ അരിയർ ബില്ലു് കൊടുക്കാനുണ്ടു്. ഡി. ജി. എസ്. ആൻഡ് ഡി. യുടെ കൈയിൽ നിന്നും വാങ്ങിയ മെറ്റീരിയൽസിനു് വേണ്ടി 42 കോടി രൂപ കൊടുക്കാനുണ്ടു്. അങ്ങനെ ഇതിനായി 61 കോടി രൂപയുടെ ലയബിലിറ്റീസുണ്ടു്. ഈ വർഷത്തെ സ്കീമിനുവേണ്ടി കൈയിൽ ആകെയുള്ളതു് 42 കോടി രൂപയാണു്. ഇങ്ങനെ 42 കോടി രൂപ സ്കീമിനുവേണ്ടി ഈ വർഷം ബഡ്ജറിലുള്ളപ്പോഴും, 62 കോടി രൂപ കൊടുത്തു് തീർക്കേണ്ടിയിരിക്കുന്നു എന്നുള്ള ദുഃഖകരമായ ഒരു സ്ഥിതിവിശേഷത്തിൽ ഞാൻ നിൽക്കുമ്പോഴും എനിക്കു് വളരെയധികം വിഷമമുണ്ടു്. ഈ കടമകൂടി മുഴുവൻ നിറവേറ്റുവാനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചു് ബഹുമാനപ്പെട്ട മെംബർമാർ മനസ്സിലാക്കണമെന്നു് മാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. പി. കെ. കെ. ബാവ : എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ചാവക്കാടു് വാട്ടർ സപ്ലൈ സ്കീം സാമ്പത്തിക കാരണങ്ങളാലും, മറ്റു് പല സാങ്കേതിക കാരണങ്ങളാലും വളരെ മന്ദഗതിയിലാണു് അതിന്റെ പ്രവർത്തനം നടന്നുവരുന്നതു്. ആ പ്രദേശത്തിന്റെ പ്രത്യേകത പരിഗണിച്ചു്, ശുദ്ധജലത്തിനുവേണ്ടി വളരെ കഷ്ടതയനുഭവിക്കുന്ന ഒരു പ്രദേശമെന്നുള്ള നിലയിൽ, ആ പദ്ധതി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സാങ്കേതിക കാരണമെന്താണെന്നു് ചൂണ്ടിക്കാണിച്ചാൽ അതിനു് പരിഹാരമുണ്ടാക്കുന്നതാണു്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : തലപ്പള്ളി താലൂക്കിലെ കടങ്ങോടു് അടക്കമുള്ള പദ്ധതി അവിടത്തെ 10 പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ഒരു പദ്ധതിയാണു്. ആ പദ്ധതിക്കു് ഡച്ചു് സഹായം അനുവദിച്ചതിനുശേഷവും ബഡ്ജറിൽ പണം വകയിരുത്തിയിട്ടില്ല എന്നുള്ള കാരണംകൊണ്ടു് ആ സഹായം അവർക്കു് തരാൻ സാദ്ധ്യമല്ലാത്ത ഒരു സ്ഥിതിവിശേഷമുണ്ടായതായി അറിയാമോ ? അങ്ങനെ എത്ര പദ്ധതിയുടെ വിദേശ സഹായത്തെ ബഡ്ജറിൽ പണമില്ലാത്തതുകൊണ്ടു് നഷ്ടപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു് ?

ശ്രീ. കെ. എം. മാണി : അതു് ഒരു പ്രത്യേക ചോദ്യമാണു്. അങ്ങനെയുള്ളതായി എനിക്കറിവില്ല.

ശ്രീ. വി. സുരേന്ദ്രൻപിള്ള : പുനലൂർ വാട്ടർ സപ്ലൈ സ്കീമിന്റെ 2-ാം പദ്ധതിക്കു് ബഡ്ജറിൽ പണം അനുവദിക്കുകയും അഡ്മിനസ്ട്രേറ്റീവു് സാങ്ക്ഷൻ കൊടുക്കുകയും ചെയ്തതിനുശേഷം ഒരു വർക്കു് മുൻപ്പിൻവ്വം ടെൻഡർ വിളിക്കാതെയിരിക്കുന്നു. ഇതു് ഗവൺമെന്റിനേയും, വാട്ടർ അതോറിറ്റിയുടേയും ശ്രദ്ധയിൽ പല പ്രാവശ്യം കൊണ്ടുവരികയും ചെയ്തിട്ടുണ്ടു്. ഇതുവരെ ടെൻഡർ വിളിച്ചിട്ടില്ല. അതുകൊണ്ടു് പുനലൂർ 2-ാം ഘട്ട ശുദ്ധജല വിതരണ പദ്ധതി ടെൻഡർ വിളിക്കാനുള്ള നടപടി ഗവൺമെന്റു് അടിയന്തിരമായി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അതു് പരിശോധിക്കാം. വാട്ടർ അതോറിറ്റിയാണോ ചെയ്യേണ്ടതു് അങ്ങനെയാണെങ്കിൽ എന്താണു് അതിനുള്ള ബുദ്ധിമുട്ടു് ഇവയെപ്പറ്റി പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പത്മനാഭൻ : തിരുവണ്ണാമൂഴിയിൽ നിന്ന് വെള്ള മെടുത്ത് കോഴിക്കോട് പട്ടണത്തിലേക്ക് ശുദ്ധജലം എത്തിക്കാനുള്ള പദ്ധതിയുടെ പ്രവർത്തനം എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : അതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. പി. പി. തങ്കച്ചൻ : എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ചേരാനെല്ലൂർ ശുദ്ധജല വിതരണ പദ്ധതിയുടെ പണികൾ ഇപ്പോൾ നടക്കാതിരിക്കാനുള്ള കാരണം അവരോട് ചോദിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് പൈപ്പില്ലെന്നാണ്. ഇവിടെ പൈപ്പുകളുടെ ബഹളമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നിട്ട് പൈപ്പുകൾ ഇല്ലെന്നു പറയുന്നത് ശരിയാണോ ; അങ്ങനെയാണെങ്കിൽ ആ പദ്ധതി തുടങ്ങിയിട്ടുള്ള പൈപ്പുകൾ അടിയന്തിരമായി അനുവദിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുമോ ; അല്ലെങ്കിൽ പൈപ്പുകൾ കൂടുതലുണ്ടെങ്കിൽ മാറ്റി കൊടുക്കുമോ ?

ശ്രീ. കെ. എം. മാണി : പുതുതായി ഏറ്റെടുക്കുന്ന പദ്ധതികൾക്ക് പൈപ്പുകൾ വേണമെന്നുള്ളത് ഒരു വസ്തുതയാണ്. പൈപ്പുകൾക്ക് ഇപ്പോൾ താല്ക്കാലികമായ കുറവുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ : ആലപ്പുഴ പട്ടണത്തിൻ പ്രവർത്തിച്ചിരുന്ന 22 ട്യൂബ് വെല്ലുകളിൽ 12 എണ്ണവും പ്രവർത്തിക്കുന്നില്ലെന്നും, എന്റെ സബ്മിഷനുള്ള മറുപടിയിൽ പുതിയതായി 12 ട്യൂബ് വെല്ലുകൾ നിർമ്മിക്കുന്നതാണെന്നു പറഞ്ഞിട്ട് ഇതുവരേയും അത് നടപ്പിലാക്കാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : ട്യൂബ് വെല്ലുകൾ കുഴിച്ചിട്ട് വെള്ളമുണ്ടെങ്കിൽ തീർച്ചയായും വെള്ളമുള്ള സ്ഥലത്ത് മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയം. ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പറും ഞാനുമായിട്ട് ഡിസ്കസ് ചെയ്യാം. നമുക്കാവശ്യമായ നടപടികളെടുക്കാം.

ശ്രീ. എൻ. ശക്തൻ നാടാർ : തിരുവനന്തപുരം സിറ്റിയുടെ തൊട്ടടുത്ത് കിടക്കുന്ന പഞ്ചായത്ത് പ്രദേശങ്ങളിൽ തിരുവനന്തപുരം സിറ്റിയിൽനിന്നും ശുദ്ധജലമെത്തിക്കുന്നതിനു വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഒരു പദ്ധതി നേരത്തേ തയ്യാറാക്കിയിരുന്നു. അത് എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി : അങ്ങനെ തയ്യാറാക്കിയിട്ടുള്ള പദ്ധതികളൊക്കെ വേഗതയിൽ നടപ്പിലാക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : പാങ്ങോട് പഞ്ചായത്തിൽ മൂന്ന് സ്കീമുകൾ ശുദ്ധജല വിതരണത്തിനുവേണ്ടി നടപ്പിലാക്കുകയുണ്ടായി. ആ മൂന്നു സ്കീമിലും ഇപ്പോൾ വെള്ളമില്ല. പൈപ്പ് തുറന്നാൽ കാറ്റ് മാത്രമാണ് വരുന്നത്. ഒന്നുരണ്ടു തവണ ഇക്കാര്യം ഈ സഭയിൽ പറഞ്ഞതാണ്. അതിന് പുതിയ എന്തെങ്കിലും പരിപാടിയുണ്ടാക്കി അവിടെ ശുദ്ധജലമെത്തിക്കാനുള്ള എന്തെങ്കിലും മാർഗ്ഗമുണ്ടാക്കാൻ കഴിയുമോ ?

ശ്രീ. കെ. എം. മാണി : അങ്ങനെ കാറ്റ് വരുന്നത് ഏത് പൈപ്പാണെന്ന് ചൂണ്ടിക്കാണിച്ചാൽ കാറ്റ് എങ്ങനെ വരുന്നുവെന്നുള്ളതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : എന്റെ നിയോജക മണ്ഡലത്തിലെ ഒൻപതു പഞ്ചായത്തുകളിലും ശുദ്ധജലക്ഷാമം ഉണ്ട്. എന്നത്തേക്ക് ഈ പഞ്ചായത്തുകളിൽ വെള്ളം എത്തിക്കാൻ കഴിയുമെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഉത്തരം പറയാൻ ബുദ്ധിമുട്ടുള്ള ഒരു ചോദ്യമാണിത്. കഴിയുന്നതും വേഗം വെള്ളമെത്തിക്കണമെന്ന ആഗ്രഹമുണ്ട്.

ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട എന്റെ പഞ്ചായത്തുകൂടിയായ അങ്ങാടി പഞ്ചായത്തിൽ വാട്ടർ സപ്ലൈ സ്കീമിന്റെ പണിയൊന്നും നടക്കുന്നില്ല. എത്രയുംവേഗം അതിന്റെ പണി പൂർത്തിയാക്കി ശുദ്ധജലം എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അത് പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി : കേരള വാട്ടർ അതോറിറ്റി സാമ്പത്തിക കുഴപ്പത്തിലാണെന്നും അതുകൊണ്ട് നഗരപ്രദേശങ്ങളിൽ വിശേഷിച്ചും വെള്ളത്തിന്റെ കരം വർദ്ധിപ്പിച്ചാൽ അത് അമിതമായ സാമ്പത്തികഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കേണ്ടി വരുമെന്നും പത്രവാർത്തകൾ ഉണ്ടായിരുന്നു. പട്ടണങ്ങളിൽ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡമെന്താണ് ?

ശ്രീ. കെ. എം. മാണി : ഇതു സംബന്ധിച്ച് 215-ാമത്തെ ചോദ്യം ഉണ്ട്. അത് ചോദിക്കുമ്പോൾ പറയാം. ഏതായാലും ഇതുവരെ അതിനുള്ള തീരുമാനമെടുത്തിട്ടില്ല.

ശ്രീ. രാഘവൻ പൊഴക്കടവിൽ : പീച്ചിയിൽ ആരംഭിച്ചിട്ടുള്ള വിലങ്ങന്നൂർ, ചെന്നായ്പ്പാറ എന്നീ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയായിട്ടും ശുദ്ധജല വിതരണം നടപ്പാക്കിയിട്ടില്ല. കഴിഞ്ഞ വേനൽ കാലത്ത് കൊടുക്കേണ്ടതായിരുന്നു. അടിയന്തിരമായി അവിടെ വെള്ളം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇതൊക്കെ അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്. അടിയന്തിര സ്വഭാവത്തോടുകൂടി ഇതൊക്കെ പരിശോധിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : വാട്ടർ അതോറിറ്റി ഈ സാമ്പത്തികവർഷം എത്ര വാട്ടർ സപ്ലൈ സ്കീം എടുത്തു ? ബഹുമാനപ്പെട്ട രാമചന്ദ്രൻ നായരുടെ നിയോജകമണ്ഡലമായ ആലപ്പുഴയിലെ വാട്ടർ സപ്ലൈ സ്കീം വാട്ടർ അതോറിറ്റി ഏറ്റെടുക്കണമെന്ന് പറഞ്ഞ് മുൻസിപ്പാലിറ്റി പ്രമേയം പാസ്സാക്കിയിട്ട് അതോറിറ്റി അത് തള്ളിക്കളയുകയുണ്ടായി. അത് വീണ്ടും പുനപരിശോധിക്കുമോ ?

ശ്രീ. കെ. എം. മാണി : തള്ളിക്കളഞ്ഞത് സാങ്കേതികാടിസ്ഥാനത്തിലാണെങ്കിൽ അത് പുനപരിശോധിക്കാൻ ബുദ്ധിമുട്ടുവരും. എനിക്ക് അതിനെപ്പറ്റി അറിഞ്ഞുകൂടാ. ഞാൻ അത് പരിശോധിക്കാം.

സംസ്കൃത ഭാഷയുടെ അദ്ധ്യയന നിലവാരം

193. [213] ശ്രീ. കെ. ടി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കണാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ സംസ്കൃത ഭാഷ അവഗണിക്കപ്പെടുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly